(ബി) ഓരോ മന്ത്രിയുടേയും യാത്രക്കൂലിയിനത്തിൽ ചെലവായിട്ടുള്ള തുകയെത്ര;

(സി) സംസ്ഥാനമന്ത്രിമാരുടെ ആരുടെയെങ്കിലും ഡൽഹിയാത്രയ്ക്കുള്ള ചെലവ് കേന്ദ്രഗവൺമെന്റ് വഹിച്ചിട്ടുണ്ടോ;

(ഡി) ഇക്കഴിഞ്ഞ മേയ് 24-ാം തീയതി ഏതെങ്കിലും മന്ത്രിമാർ ഡൽഹിയിൽ നിന്നും പ്രത്യേക വിമാനമാർഗ്ഗം കേരളത്തിലേക്ക് വരികയുണ്ടായോ; എങ്കിൽ ഏതെല്ലാം മന്ത്രിമാർ;

(ഇ) ആ ഇനത്തിലുള്ള വിമാനക്കൂലി എത്ര രൂപയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1986 മേയ് 23-ാംതീയതി മുഖ്യമന്ത്രി ഡൽഹിയിൽ നിന്ന് പ്രത്യേക വിമാന മാർഗ്ഗം കേരളത്തിലേക്ക് വരികയുണ്ടായി.

(ഇ) ഈ ഇനത്തിൽ സംസ്ഥാനഗവൺമെന്റിനു യാതൊരു ചെലവും വന്നിട്ടില്ല.

മന്ത്രിമാരുടെ വിദേശപര്യടനം

7 [8] ശ്രീ. സി.കെ. തങ്കപ്പൻ:

,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്; ആരെല്ലാം;

(ബി) വിദേശപര്യടനം നടത്തിയ മന്ത്രിമാർക്കുവേണ്ടി സർക്കാർ ചെലവഴിച്ച സംഖ്യ എത്ര; ഓരോ മന്ത്രിക്കു എത്രവീതം?

(എ) 13 മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്. വിദേശയാത്ര നടത്തിയ മന്ത്രിമാരുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം ടെലഫോൺ ചാർജ്ജിനത്തിൽ മന്ത്രിമാർക്ക് ചെലവായ തുക

8 [9] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം ടെലഫോൺ ചാർജ്ജിനത്തിൽ ഓരോ മന്ത്രിക്കും ചെലവായ സംഖ്യ എത്രവീതം?

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം 5/86 വരെ ടെലഫോൺ ചാർജ്ജിനത്തിൽ ഓരോ മന്ത്രിക്കും ചെലവായ തുക അനുബന്ധമായി കൊടുത്തിരിക്കുന്നു.*

മന്ത്രിമാർ വിമാനയാത്രക്കൂലി ഇനത്തിൽ ചെലവാക്കിയ സംഖ്യ

9 [11] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 10–6–1986 വരെ ഓരോ മന്ത്രിയ്ക്കും വിമാനയാത്രക്കൂലിയിനത്തിലും ഡി.എ. ഇനത്തിലും ചെലവാക്കിയ സംഖ്യയുടെ വിശദവിവരം പറയാമോ;

(ബി) ഏതെല്ലാം മന്ത്രിമാർ ഹെലികോപ്റ്റർ യാത്ര നടത്തിയെന്നും അതിനുവേണ്ടി ഖജനാവിൽനിന്ന് വന്ന ചെലവ് എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം [illegible] വരുന്നു.

(ബി) മുഖ്യമന്ത്രി [illegible] ഔദ്യോഗികമായി 25 തവണയും ഒരു പ്രാവശ്യം വ്യക്തിപരമായ ആവശ്യത്തിനും ഹെലികോപ്റ്റർ യാത്ര നടത്തിയിട്ടുണ്ട്.

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ഒരിക്കൽ ഹെലികോപ്റ്റർ ഉപയോഗിച്ചു.

ആകെ ചെലവിനെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

പേഴ്സണൽ സ്റ്റാഫിന്റെ ടെലിഫോൺ ചാർജ്

10 [12] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31–5–1986 വരെ ഓരോ മന്ത്രിയുടെ പേർസണൽ സ്റ്റാഫിന്റെ ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) 1984–85, 1985–86 വർഷങ്ങളിൽ ഓരോ മന്ത്രിയുടേയും പേഴ്സണൽ സ്റ്റാഫിന്റെ ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവു ചുരുക്കലിന്റെ ഫലമായി കുറവുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര വീതം?

ഉത്തരം

(എ) ഈ മന്ത്രി സഭ അധികാരത്തിൽ വന്നതിനുശേഷം 31–1–1985 വരെ ഓരോ മന്ത്രിയുടേയും പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥൻമാർക്ക് ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവായ തുക

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (8) കാണുക]

വിദേശ യാത്ര നടത്തിയ മന്ത്രിമാർ

1. പരേതനായ ശ്രീ. സി.എച്ച്. മുഹമ്മദ്കോയ, മുൻ ഉപമുഖ്യ മന്ത്രി.
2. ശ്രീ. ടി.എം. ജേക്കബ്ബ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി.
3. ശ്രീ. ഇ. അഹമ്മദ്, വ്യവസായവകുപ്പുമന്ത്രി.
4. ശ്രീ. പി.ജെ. ജോസഫ്, റവന്യൂവകുപ്പുമന്ത്രി.
5. ശ്രീ. എം.പി. ഗംഗാധരൻ, മുൻ ജലസേചനവകുപ്പുമന്ത്രി.
6. ശ്രീ. യു.എ. ബീരാൻ, ക്ഷീരവകുപ്പുമന്ത്രി.
7. ശ്രീമതി എം. കമലം, സഹകരണവകുപ്പുമന്ത്രി.
8. ശ്രീ. എൻ. ശ്രീനിവാസൻ, മുൻ എക്സൈസ്വകുപ്പുമന്ത്രി.
9. ശ്രീ. കെ.പി. രാമചന്ദ്രൻനായർ, മുൻ ആരോഗ്യവകുപ്പു മന്ത്രി.
10. ശ്രീ. ആർ. ബാലകൃഷ്ണപിള്ള, വിദ്യുച്ഛക്തി വകുപ്പു മന്ത്രി.
11. ശ്രീ. വയലാർ [illegible], ആഭ്യന്തരവകുപ്പുമന്ത്രി.
12. ശ്രീ. കെ. ശിവദാസൻ, തൊഴിൽ വകുപ്പുമന്ത്രി.
13. ശ്രീ. കെ.എം. മാണി, ജലസേചന നിയമവകുപ്പുമന്ത്രി

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (9) കാണുക.]

	മന്ത്രി	ചെലവായ തുക
1.	ശ്രീ. കെ. കരുണാകരൻ, മുഖ്യമന്ത്രി	56,980.00
2.	ശ്രീ. അവുക്കാദർകുട്ടി നഹ, ഉപമുഖ്യമന്ത്രി	30,438.50
3.	ശ്രീ. ഇ. അഹമ്മദ്, വ്യവസായവകുപ്പു മന്ത്രി	33,706.00
4.	ശ്രീ. സുന്ദരൻ നാടാർ, ഗതാഗതവകുപ്പു മന്ത്രി	17,878.00
5.	ശ്രീ. എൽ. ജേക്കബ്, കൃഷിവകുപ്പ് മന്ത്രി	14,146.00
6.	ശ്രീ. റവി.എം. ജേക്കബ്, വിദ്യാഭ്യാസ വകുപ്പു മന്ത്രി	11,943.00
7.	ശ്രീ. പി.ജെ. ജോസഫ്, റവന്യു വകുപ്പു മന്ത്രി	
8.	ശ്രീമതി എം. കമലം, സഹകരണ വകുപ്പു മന്ത്രി	
9.	കെ.എം. മാണി, ധനകാര്യ വകുപ്പു മന്ത്രി	

LIBRARY ARCHIVES Kerala Legislative Assembly

	മന്ത്രി	ചെലവായ തുക
10.	ശ്രീ. കെ.പി. മുഹമ്മദീൻ, വനം വകുപ്പ് മന്ത്രി	28,304.60
11.	ശ്രീ. പി.കെ. വേലായുധൻ, സാമൂഹ്യ വികസന വകുപ്പു മന്ത്രി	11,183.00
12.	ശ്രീ. കെ. ശിവദാസൻ, തൊഴിൽ വകുപ്പു മന്ത്രി	7,180.00
13.	ശ്രീ. സി.എം. സുന്ദരം, തദ്ദേശ സ്വയംഭരണം	14,882.00
14.	ശ്രീ. എൻ. ശ്രീനിവാസൻ, എക്സൈസ് വകുപ്പു മന്ത്രി	14,014.00
15.	ശ്രീ. വയലാർ രവി, ആഭ്യന്തരവകുപ്പു മന്ത്രി	16,929.00
16.	ശ്രീ. യു.എ. ബീരാൻ, ക്ഷീരവകുപ്പു മന്ത്രി	11,318.00

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10 (12) കാണുക]

1–3–1986– മുതൽ 31–5–1986 വരെ ടെലിഫോൺ ചാർജ്ജിനത്തിൽ പേഴ്സണൽ സ്റ്റാഫിന് ചെലവായ തുക:

	മന്ത്രി	ചെലവായ തുക
1.	ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി	46,980.00
2.	ശ്രീ. കെ. അവുക്കാദർകുട്ടി നഹ, ഉപമുഖ്യമന്ത്രി	30,438.00
3.	ശ്രീ. ഇ. അഹമ്മദ്, വ്യവസായ വകുപ്പു മന്ത്രി	3,706.50
4.	ശ്രീ. സുന്ദരൻ നാടാർ, ഗതാഗതവകുപ്പു മന്ത്രി	7,878.00
5.	ശ്രീ. എ.എൽ. ജേക്കബ്ബ്, കൃഷിവകുപ്പു മന്ത്രി	4,146.00
6.	ശ്രീ. റ്റി.എം. ജേക്കബ്, വിദ്യാഭ്യാസ വകുപ്പു മന്ത്രി	5,843.00
7.	ശ്രീ. പി.ജെ. ജോസഫ്, റവന്യൂ വകുപ്പു മന്ത്രി	8,780.00
8.	ശ്രീമതി എം. കമലം, സഹകരണ സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി	8,785.00
9.	ശ്രീ. കെ.എം. മാണി, ധനകാര്യവകുപ്പു മന്ത്രി	3,410.50
10.	ശ്രീ. കെ.പി. മുഹമ്മദീൻ, വനംവകുപ്പു മന്ത്രി	8,304.00
11.	ശ്രീ. പി.കെ. വേലായുധൻ, സാമൂഹ്യ വികസന വകുപ്പു മന്ത്രി	00
12.	ശ്രീ. കെ. ശിവദാസൻ, തൊഴിൽ വകുപ്പു മന്ത്രി	
13.	ശ്രീ. എൻ. ശ്രീനിവാസൻ, എക്സൈസ് വകുപ്പു മന്ത്രി	
14.	ശ്രീ. സി.എം. സുന്ദരം, തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി	
15.	ശ്രീ. യു.എ. ബീരാൻ, ക്ഷീരവകുപ്പു മന്ത്രി	11

LIBRARY ARCHIVES Kerala Legislative Assembly